# ട്യൂമർ

ഒരു ലോകം തീർത്ത ബംഗ്ലാവിലാണ് വാസം
പണം തളിർക്കും തറവാട്ടിൽനിന്ന് മംഗല്യം
നല്ല പാതിതൻ 'മുഴു പാതി'യും വെണ്ണമയം
ആംഗലത്തെയും ശീതീകരിച്ച വിദ്യാഭ്യാസം
സന്താന പ്രഭുക്കൾ തൻ വായയിൽ ച്യൂയിംഗവും
വെള്ളിക്കരണ്ടിയും

എന്നിട്ടും മനസ്സ് തളരുന്നു
ആശങ്കയും ആകുലതയും
അസ്വസ്ഥതയുടെ തേരോട്ടം
*** *** ***
അപ്പുറം, എനിക്കെതിരിൽ
അനേകം അസൂയ രാജാക്കന്മാർ
ചിലപ്പോൾ ചൂടുപിടിച്ച ശീതയുദ്ധങ്ങൾ
ഇരുട്ടിലും വെളുപ്പിലും കരിവാരിത്തേക്കലുകൾ

പരശ്ശതം പാരവെപ്പുകൾ
പരദൂഷണ മാരത്തോണുകൾ
ചീഞ്ഞയുദ്ധം
തക്കാളിയും മുട്ടയും ആയുധങ്ങൾ
കിരീടം (കു)ബുദ്ധിയിലും
ചെങ്കോൽ (ദു)ശ്ശക്തിയിലും ബന്ധിതം
*** *** ***
കാലവും രോഗവും മുന്നോട്ട്
തളർന്ന മനസ്സിൻ ഗ്രാഫ് മേൽപോട്ട്
വിദേശത്തുനിന്നും ഭിഷഗ്വരനെത്തി
സൂക്ഷ്മ വിശകലനത്തിൽ ട്യൂമറെന്നു വിധി
മറ്റ് ടെസ്റ്റുകളിൽ
ഗാത്രം രോഗഗ്രസ്തമേയല്ലെന്ന്
എന്നിട്ടും ഭിഷഗ്വരൻ
ട്യൂമർ തന്നെയെന്നുറക്കെയുരക്കുന്നു.
*** *** ***
കാലം സാക്ഷി
പലതും കൈയേറിയിരിക്കുന്നു
അപരന്റെ നെഞ്ചത്തും
നാടിന്റെ പച്ചക്കരളത്തും
ഭിഷഗ്വരമൊഴി വീണ്ടും വന്നു
ട്യൂമർ (തിരു)മേനിക്കകത്തല്ല
ഭൂമിക്ക് ഈ ശരീരം തന്നെ ട്യൂമർ
ഇടിച്ചു തകർക്കുക.

**ഫൈസൽ അബൂബക്കർ**